**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4427 | 17.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.മഞ്ഞളാംകുഴി അലി** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ നിലവിലുണ്ട്; | (എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 8776 അങ്കണവാടികൾ നിലവിലുണ്ട്. |
| (ബി)അങ്കണവാടികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; പ്രാഥമിക സൗകര്യങ്ങൾ നിലവിലില്ലാത്ത അങ്കണവാടികളെ കണ്ടെത്തുന്നതിനും പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ബി) വികേന്ദ്രീകരണാസൂത്രണ പ്രകാരം അങ്കണവാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. അതുകൊണ്ടു തന്നെ അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വകുപ്പ് തലത്തിൽ പ്രത്യേക കർമ്മപരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഭൂമി ഇല്ലാത്ത അങ്കണവാടികൾക്കായി വിവിധ വകുപ്പുകളുടെ ഭൂമി കണ്ടെത്തി കെട്ടിടം പണിയുന്നതിനായുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br><br>പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളെ കണ്ടെത്തുന്നതിന് അങ്കണവാടി ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിൽ ഒരു ഘടകം അങ്കണവാടികളുടെ പ്രാഥമിക സൗകര്യങ്ങളാണ്. അങ്കണവാടികൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വകുപ്പ് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി ഒരു ലക്ഷം രൂപ വീതം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ